# ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

## വിജ്ഞാപനം

നം. എസിഡി.സി.3/21437/എച്ച്.എസ്.ഇ/2014 തീയതി :26/05/2014

**വിഷയം** :- ഹ.സെ.വി - സംസ്ഥാനത്തെ നിലവിലുള്ള സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 2014-15 അധ്യയന വർഷത്തിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**സൂചന** :- 1. സ.ഉ. (കൈ) നം. 86/2014/പൊ.വി. തീയതി 24/05/2014.
2. അസാധാരണ ഗസറ്റ് വിജ്ഞാപന നമ്പർ 1339 തീയതി 27/05/2014

സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കുന്നതിനും ഹയർ സെക്കന്ററി സീറ്റുകളുടെ അപര്യാപ്തത നേരിടുന്ന എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ പ്ലസ് ടു സീറ്റുകളുടെ കുറവിനാനുപാതികമായും, അടിസ്ഥാനസൗകര്യങ്ങളും എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണവും കണക്കിലെടുത്തും നിലവിലുള്ള ഗവ/എയ്ഡഡ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് രണ്ട് ബാച്ചുകൾ വീതം അനുവദിക്കുന്നതിനും നിലവിലുള്ള ഗവ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ അധിക ബാച്ച് വീതം അനുവദിക്കുന്നതിനും സ.ഉ. (കൈ) നം. 185/2013/പൊ.വി.വ തീയതി 11/06/2013 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി ഡയറക്ടർ എ.സി.ഡി സി.3/16830/2013 തീയതി 17.06.2013 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ ക്ഷണിച്ചിരുന്നു.

എന്നാൽ മേൽ സർക്കാർ ഉത്തരവും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനവും ഡബ്ളിയു.പി.സി നം.7540/2013, 16080/2013 മുതലായ ഹർജികൾ മുഖേന വിവിധ കാരണങ്ങൾ ഉന്നയിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ചോദ്യം ചെയ്യപ്പെടുകയും ടി കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21.08.2013 ലെ പൊതു വിധിയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കുകയുമുണ്ടായി. ടി വിധി പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 5 ൽ നിഷ്ക്കർഷിച്ചിരിക്കുന്ന പ്രകാരം സർവ്വേ നടത്തി വിദ്യാഭ്യാസ ആവശ്യകത ബോധ്യപ്പെട്ട ശേഷം മാത്രം പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചാൽ മതിയെന്ന് ഉത്തരവാകുകയുണ്ടായി. ടി വിധിക്കെതിരെ സംസ്ഥാന സർക്കാർ റിട്ട് അപ്പീൽ നം.1341/2013 പ്രകാരം ബഹു.കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ടി റിട്ട് അപ്പീലിൽ 11.04.2014 ൽ സംസ്ഥാന സർക്കാരിന് അനുകൂലമായി വിധി പ്രഖ്യാപിച്ച് തീർപ്പാക്കുകയുണ്ടായി.

മേൽ റിട്ട് അപ്പീലിലെ വിധി ന്യായത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളും എറണാകുളം മുതലുള്ള വടക്കൻ ജില്ലകളിൽ അധിക ബാച്ചുകളും അനുവദിക്കുന്നത് സർക്കാർ പുന:പരിശോധനക്ക് വിധേയമാക്കുകയും 2014-15 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കേണ്ടതില്ലെന്ന് സൂചന (1) പ്രകാരം തീരുമാനിക്കുകയും ചെയ്തു. എന്നാൽ വിദ്യാഭ്യാസ ആവശ്യകത അനുസരിച്ച് 2014-15 അധ്യയന വർഷത്തിൽ, സംസ്ഥാന തലത്തിൽ, നിലവിലുള്ള ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിനായി പുതുതായി അപേക്ഷകൾ ക്ഷണിക്കുന്നതിനും സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിക്കുകയുണ്ടായി.

മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സ.ഉ. (കൈ) നം. 185/2013/പൊ.വി.വ തീയതി 11/06/2013 ഉത്തരവിൻപ്രകാരം 2013 - 2014 അദ്ധ്യയന വർഷം പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ/അധിക ബാച്ചുകൾ അനുവദിക്കുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ടർ പുറപ്പെടുവിച്ച വിജ്ഞാപനം എ.സി.ഡിസി.3/16830/2013 തീയതി 17.06.2013 വിജ്ഞാപനം റദ്ദാക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ പ്രസ്തുത വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകളിൻമേൽ തുടർ നടപടികൾ തുടരുന്നതല്ല.

മേൽ സാഹചര്യങ്ങളിൽ സംസ്ഥാനത്ത് സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2014-15 അധ്യയന വർഷം മുതൽ അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു.

2014-15 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും നിലവിലുള്ള ഗവ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ച് പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്ന ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽമാർക്കും എയ്ഡഡ് ഹയർ സെക്കന്ററി

സ്കൂളുകളിലെ മാനേജർമാർക്കും ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫാറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പുതുതായി ഹയർ സെക്കന്ററി സ്കൂൾ/ബാച്ച് അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ പുതുതായി അധിക ബാച്ച് അനുവദിക്കുന്നത് താഴെ പറയുന്ന മുൻഗണനാക്രമത്തിലായിരിക്കും.

   a. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾ

   b. കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾ

   c. വ്യക്തിഗത/ട്രസ്റ്റ് മാനേജ്മെന്റുകൾ നടത്തുന്ന എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ

2. ഹയർ സെക്കന്ററി സ്കൂളുകളിൽ അധികബാച്ചുകൾ അനുവദിക്കുന്നതിന് കൂടുതൽ സീറ്റുകൾ ആവശ്യമായി വരുന്ന റവന്യൂ ജില്ലയ്ക്കായിരിക്കും മുൻഗണന നൽകുക.

3. അപേക്ഷയുടെ കൂടെ, ഏതെങ്കിലും ഗവൺമെന്റ് ട്രഷറികളിൽ നിന്നും "0202-01-102-97-(03)-other receipts" എന്ന ഹെഡ്ഡിൽ 500/- രൂപ അപേക്ഷാഫീസ് അടച്ചതിന്റെ അസ്സൽ ചലാൻ സമർപ്പിക്കേണ്ടതാണ്. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ ഫീസ് ഒടുക്കേണ്ടതില്ല. അപേക്ഷാഫീസ് യാതൊരുകാരണവശാലും തിരികെ നൽകുന്നതല്ല.

4. ഓരോ വിഭാഗത്തിലും പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം സർക്കാരിന്റെ കാലാകാലങ്ങളിലുള്ള തീരുമാനത്തിന് വിധേയമായിരിക്കും.

5. സർക്കാർ അനുവദിക്കുന്ന അധിക ബാച്ചുകളിൽ യഥാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പ്രോസ്പെക്ടസ്സിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടതാണ്.

6. അധിക ബാച്ച് അനുവദിക്കുന്നതിനുള്ള അപേക്ഷക സ്കൂളുകൾക്ക് ചുവടെ ചേർത്തിരിക്കുന്ന അടിസ്ഥാനസൗകര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം.

| | |
|---|---|
| സ്ഥലസൗകര്യം | : ചുരുങ്ങിയത് 1.2 ഹെക്ടർ |
| കെട്ടിടസൗകര്യം | : കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം |
| ക്ലാസ്സ്റൂം സൗകര്യം | : ഒരു ബാച്ചിന് 9 X 6 X 3.70 മീറ്റർ വിസ്തീർണ്ണമുള്ള ക്ലാസ്സ്മുറി<br>ഉപഭാഷാ വിഭാഗത്തിന് 6 X 6 X 3.70 മീറ്റർ വിസ്തീർണ്ണമുള്ള ക്ലാസ്സ്മുറി |
| ലാബോറട്ടറി സൗകര്യം | : ഓരോ സയൻസ് വിഷയത്തിനും 12 X 6 X 3.70 മീറ്റർ വീതം വിസ്തീർണ്ണമുള്ള മുറി. കൂടാതെ നിശ്ചിത ലാബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കണം. |
| ടോയ്ലറ്റ് സൗകര്യം | : നിശ്ചിത മാനദണ്ഡപ്രകാരമുള്ള ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കേണ്ടതാണ്. |

7. ഹയർ സെക്കന്ററി അധിക ബാച്ചിന് അപേക്ഷിക്കുന്ന സർക്കാർ സ്കൂളുകൾക്ക് മുകളിൽ പറഞ്ഞ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

8. താഴെ പറയുന്ന കാര്യങ്ങൾ ഹയർ സെക്കന്ററി അധിക ബാച്ച് അനുവദിക്കുന്നതിനായുള്ള അർഹത നിർണ്ണയത്തിന് പരിഗണിക്കുന്നതാണ്.

   i. അപേക്ഷക സ്കൂൾ സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശത്തിലെ ഹൈസ്കൂളുകളിൽ നിന്നും 2014 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നതപഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം.

   ii. അഞ്ച് കി.മീ. ചുറ്റളവിലുള്ള ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ എണ്ണം.

   iii. പ്രസ്തുത ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള സീറ്റുകളുടെ എണ്ണം.

iv. അഞ്ച് കി.മീ. ചുറ്റളവിൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി ഇല്ലാത്ത ഹൈസ്കൂളുകളുടെ എണ്ണം. പ്രസ്തുത ഹൈസ്കൂളുകളിൽ നിന്ന് 2014 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നത പഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം

v. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും അപേക്ഷകസ്ഥാപനം നില നിൽക്കുന്ന പ്രദേശത്തിന്റെ അവസ്ഥ, ഇതിലേയ്ക്ക് പ്രദേശത്തിന്റെ അപ്രാപ്യത, അടുത്ത ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കുള്ള ദൂരം, ഗതാഗത സൗകര്യങ്ങൾ, പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ, പ്രദേശത്തെ ദുർബലവിഭാഗങ്ങളുടെ സാന്നിധ്യത്തിന്റെ തോത് എന്നിവ പരിഗണിക്കുന്നതാണ്

vi. അപേക്ഷക സ്കൂളിൽ നിലവിലുള്ള ക്ലാസ്സുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണം.

vii. അപേക്ഷക സ്കൂളിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ അക്കാദമികമായ നേട്ടങ്ങൾ.

viii. പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന്റെ ആവശ്യകത.

ix. അപേക്ഷക സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ.

ഈ വിജ്ഞാപനത്തോടൊപ്പം ചേർത്തിരിക്കുന്ന, ടൈപ്പ് ചെയ്തതോ പ്രിന്റ് ചെയ്തതോ ആയ നിശ്ചിത മാതൃകയിലുള്ള രണ്ട് സെറ്റ് അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറ്കടറേറ്റ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ 02/06/2014 വൈകുന്നേരം 5 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ കവറിന് പുറത്ത് ഹയർ സെക്കന്ററി അധിക ബാച്ച് അനുവദിക്കുന്നതിനുള്ള അപേക്ഷ 2014 - 2015 എന്ന് വ്യക്തമായി രേഖപ്പെടുത്തേതാണ്.

വിജ്ഞാപനവും അപേക്ഷാഫാറവും ചുവടെ ചേർത്തിരിക്കുന്ന വെബ്സൈറ്റുകളിൽ ലഭ്യമാണ്.

**www.dhsekerala.gov.in**
**www.prd.kerala.gov.in**
**www.educationkerala.gov.in**

**ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്നതും അപൂർണ്ണവും തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ അപേക്ഷകളും വിജ്ഞാപനത്തിന് മുൻപ് സമർപ്പിച്ചിട്ടുള്ള അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുകയില്ല. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരായ അപേക്ഷകർ മുൻപ് അപേക്ഷിച്ചിട്ടുണ്ടെങ്കിൽപോലും (2013-14 ലെ വിജ്ഞാപന പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ) ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പുതിയതായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.**

മേൽ വിജ്ഞാപനപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്, അപഗ്രഥിച്ച്, സംഗ്രഹിച്ച് ഹയർ സെക്കന്ററി അധിക ബാച്ച് അനുവദിക്കാവുന്ന സ്കൂളുകൾ അവയുടെ കോമ്പിനേഷനുകൾ മുതലായവയുടെ ശുപാർശ സർക്കാരിലേയ്ക്ക് യഥാസമയം സമർപ്പിക്കുന്നതാണ്.

മേൽവിഷയത്തിലെ തുടർ നടപടികൾ പുനരവലോകനം ചെയ്യുന്നതിനും മാറ്റം വരുത്തുന്നതിനും, നീട്ടിവെക്കുന്നതിനും റദ്ദാക്കുന്നതിനും ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

**ഒപ്പ്/-**
**ഡയറക്ടർ**

സ്കൂൾ കോഡ്:

**2014 – 2015 അദ്ധ്യയന വർഷത്തിൽ നിലവിലുള്ള ഗവ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിനുള്ള അപേക്ഷ**

**വിജ്ഞാപനം നം. എസി.ഡി.സി.3/11437/എച്ച്.എസ്.ഇ/14** **തീയതി : .../...../2014**

**(1 മുതൽ 33 വരെ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.)**

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേരും മേൽവിലാസവും :

2. അധികബാച്ച് തുടങ്ങാനുദ്ദേശിക്കുന്ന സ്കൂളിന്റെ പേര് :

3. മാനേജ്മെന്റിന്റെ പേര് (ഗവ/കോർപ്പറേറ്റ്/ വ്യക്തി/ട്രസ്റ്റ് എന്നിവയിൽ ഏതാണെന്ന് വ്യക്തമാക്കണം) :

4. മാനേജ്മെന്റിന്റെ പദവി (ന്യൂനപക്ഷം/ അല്ലാത്തത്) :

5. സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം :

6. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര് :

7. നിയമസഭാ മണ്ഡലത്തിന്റെ പേര് :

8. ലോകസഭാ മണ്ഡലത്തിന്റെ പേര് :

9. വില്ലേജ്, താലൂക്ക്, ബ്ലോക്ക്, റവന്യൂ ജില്ല, വിദ്യാഭ്യാസ ജില്ല :

**10. നിലവിലുള്ള ബാച്ചുകൾ**
(ഓരോ ബാച്ചിന്റെയും ഗ്രൂപ്പും സബ്ജക്റ്റ് കോമ്പിനേഷനും വ്യക്തമാക്കിയിരിക്കണം) :

| **വിഭാഗം** | **കോമ്പിനേഷനുകൾ** | **ബാച്ചുകളുടെ എണ്ണം** | **ബാച്ച് അനുവദിച്ച ഗവൺമെന്റ് ഉത്തരവ് ബന്ധപ്പെട്ട ഗവ: ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യണം** |
|---|---|---|---|
| സയൻസ് | | | |
| | | | |
| | | | |
| ഹ്യൂമാനിറ്റീസ് | | | |
| | | | |
| | | | |
| കോമേഴ്സ് | | | |
| | | | |
| | | | |

11. അധിക ബാച്ച് തുടങ്ങുന്നതിന് ഉദ്ദേശിക്കുന്ന വിഭാഗവും സബ്ജക്റ്റ് കോമ്പിനേഷനും :

| **വിഭാഗം** | **കോമ്പിനേഷനുകൾ** | **കോമ്പിനേഷൻ കോഡ്** |
|---|---|---|
| സയൻസ് | | |
| ഹ്യൂമാനിറ്റീസ് | | |
| കോമേഴ്സ് | | |

12. നേരത്തെ അനുവദിച്ചിട്ടുള്ള തസ്തികകൾ /പുതുതായി ആവശ്യമുള്ള തസ്തികകൾ

| വിഷയം | നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ | | അധിക ബാച്ച് അനുവദിക്കുകവഴി പുതുതായി ആവശ്യം വരുന്ന തസ്തികകൾ | | | റിമാർക്സ് |
|---|---|---|---|---|---|---|
| | HSST | HSST (Jr) | HSST | HSST (Jr) | Upgradation | |
| Part I English | | | | | | |
| Part II Language | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| Part III Optional Subject | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

(നേരത്തെ അനുവദിച്ചിട്ടുള്ള ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് ബാക്കിയുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ റിമാർക്സ് കോളത്തിൽ വ്യക്തമാക്കേണ്ടതാണ്.)

13. നിലവിലെ പാർട്ട് II ഭാഷകൾ :

14. അപേക്ഷക സ്കൂളിൽ നിന്നും 2014 മാർച്ചിൽ എസ്.എസ്.എൽ.സി പാസായ കുട്ടികളുടെ എണ്ണം :

15. അപേക്ഷക സ്കൂൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള മറ്റ് ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും മറ്റ് ഹൈസ്കൂളുകളിൽ നിന്നും മാർച്ച് 2014 ൽ എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണവും .
ടി സ്കൂളുകളിൽ HSS/VHSE യ്ക്ക് ലഭ്യമായ സീറ്റുകളുടെ എണ്ണവും(ഗവ/എയ്ഡഡ്/സ്വാശ്രയം എന്നിവയിലേതാണെന്ന് വ്യക്തമായി സൂചിപ്പിക്കണം) :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഹയർ സെക്കന്ററി സ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2014 മാർച്ചിൽ എസ്.എസ്. എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി യ്ക്ക് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | | | | | | |

16. അപേക്ഷക സ്കൂളിന്റെ 5 കി.മീ. ചുറ്റളവിൽ നിലവിലുള്ള മറ്റ് ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ അവയിൽ നിന്നും 2014 മാർച്ചിൽ SSLC പാസ്സായ കുട്ടികളുടെ എണ്ണവും ടി സ്കൂളുകളിൽ HSS/VHSE യ്ക്ക് ലഭ്യമായ സീറ്റുകളുടെ വിശദാംശങ്ങളും(ഓരോ സ്കൂളിന്റെയും വിശദാംശങ്ങൾ പ്രത്യേകം സൂചിപ്പിക്കണം) :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഹയർ സെക്കന്ററി സ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2014 മാർച്ചിൽ എസ്.എസ്. എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി യ്ക്ക് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | | | | | | |

17. അപേക്ഷക സ്കൂളിന്റെ 5 കി.മീ. ചുറ്റളവിൽ നിലവിലുള്ള ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം ഇല്ലാത്ത ഹൈസ്കൂളുകളും അവയിൽ നിന്നും 2014 മാർച്ചിൽ SSLC പാസ്സായ കുട്ടികളുടെ എണ്ണവും :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം |
|---|---|---|
| | | |
| | | |
| | | |
| | | |
| ആകെ | | |

18. അപേക്ഷക സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ, (ഇതിലേയ്ക്കായി സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ വിദൂരത, തൊട്ടടുത്ത ഹയർ സെക്കന്ററി സ്കൂളിലേക്കുള്ള ദൂരം, ലഭ്യമായ ഗതാഗതസൗകര്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ ദുർബല വിഭാഗങ്ങളുടെ സാന്നിദ്ധ്യത്തിന്റെ തോത് എന്നിവ വ്യക്തമാക്കുക) :

19. അപേക്ഷക സ്കൂളുൾപ്പെടുന്ന പഞ്ചായത്ത്/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഭാഷ/മത ന്യൂനപക്ഷ വിഭാഗക്കാരുടെ ശതമാനം :

20. എ) അപേക്ഷക സ്കൂളിൽ ഹൈസ്കൂൾ തലം വരെ ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം :

ബി) ഹയർ സെക്കന്ററി തലത്തിൽ ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം :

21. അപേക്ഷക സ്കൂളിന്റെ കഴിഞ്ഞ 5 വർഷത്തെ അക്കാദമികപരമായ നേട്ടങ്ങൾ :

എ) ഹൈസ്കൂൾ തലം :

ബി) ഹയർ സെക്കന്ററി തലം :

22. അപേക്ഷക സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രാദേശിക വിദ്യാഭ്യാസ അസന്തുലിതാവസ്ഥ പരിഹരിക്കേണ്ട ആവശ്യകത :

23. അപേക്ഷക സ്കൂളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ :

24. അപേക്ഷക സ്കൂളിന്റെ ഏറ്റവും അടുത്ത മറ്റ് 5 ഹയർ സെക്കന്ററി സ്കൂളുകൾ അവയിലേയ്ക്ക് അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം, ടി സ്കൂളുകളിൽ നിന്നും മാർച്ച് 2014 ൽ SSLC പാസ്സായ കുട്ടികളുടെ എണ്ണവും. ഹയർ സെക്കന്ററിക്ക് ലഭ്യമായ സീറ്റുകളുടെ എണ്ണവും :

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ കോഡ് | ഹയർ സെക്കന്ററി സ്കൂൾ കോഡ് | ഗവ/ എയ്ഡഡ് /സ്വാശ്രയം | 2014 മാർച്ചിൽ എസ്.എസ്. എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം | ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററിയ്ക്ക് ലഭ്യമായിട്ടുള്ള സീറ്റുകളുടെ എണ്ണം | അപേക്ഷക സ്കൂളിൽ നിന്നുള്ള ദൂരം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| ആകെ | | | | | | |

25 അപേക്ഷക സ്കൂളിൽ എല്ലാ സാമുദായിക വിഭാഗങ്ങൾക്കും ആൺകുട്ടികൾക്കും/ പെൺകുട്ടികൾക്കും പ്രവേശനം ലഭ്യമാണോ ? :

26. അപേക്ഷക സ്കൂളിൽ ലഭ്യമായ സ്ഥലസൗകര്യം :

(എ) വിസ്തീർണ്ണം :

(ബി) സർവ്വേ നമ്പർ :

(സി) പട്ടയ നമ്പർ :

27. അപേക്ഷക സ്കൂളിലേയ്ക്കുള്ള പ്രാപ്യത

(എ) റോഡുമാർഗ്ഗം (ഏറ്റവും അടുത്ത ബസ് സ്റ്റോപ്പിലേയ്ക്കുള്ള ദൂരം) :

(ബി) റെയിൽ മാർഗ്ഗം (ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള ദൂരം) :

28. അടിസ്ഥാന സൗകര്യങ്ങൾ

| **കെട്ടിടങ്ങൾ** | **നിലവിലുള്ളവ** | **പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്** |
|---|---|---|
| സ്ഥിരം | | |
| താൽക്കാലികം | | |

29. നിലവിലുള്ള കെട്ടിടത്തിന്റെയും/പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെയും പ്ലാൻ ഉള്ളടക്കം ചെയ്തിട്ടുണ്ടോ? :

30. ലഭ്യമായ സൗകര്യങ്ങൾ

9 X 6 X 3.7 മീ. വിസ്തീർണ്ണമുള്ള ക്ലാസ്സ് മുറികൾ :

6 X 6 X 3.7 മീ. വിസ്തീർണ്ണമുള്ള ക്ലാസ്സ് മുറികൾ :

12 X 6 X 3.7 മീ. വിസ്തീർണ്ണമുള്ള മുറികൾ :

പ്രിൻസിപ്പൽ മുറി :

സ്റ്റാഫ് റൂം :

പെൺകുട്ടികൾക്ക് പൊതുവായ മുറി :

ലൈബ്രറി റൂം (വിസ്തീർണ്ണം വ്യക്തമാക്കണം) :

ടോയ്‌ലറ്റ് സൗകര്യം (നിശ്ചിതമാനദണ്ഡ പ്രകാരം ഉള്ള എണ്ണം വ്യക്തമാക്കുക) :

കുടിവെള്ള സൗകര്യം :

31. ലഭ്യമായ ഫർണ്ണിച്ചറുകളുടെ വിശദാംശങ്ങൾ :

32. ലൈബ്രറിയ്ക്ക് പ്രത്യേക മുറി ലഭ്യമാണോ? (എങ്കിൽ ആയതിന്റെ വിസ്തീർണ്ണം/ബിൽഡിംഗ് പ്ലാൻ ലഭ്യമായ പുസ്തകങ്ങളുടെ എണ്ണം എന്നിവ വ്യക്തമാക്കണം) :

33. അപേക്ഷാഫീസ് അടച്ചതിന്റെ വിശദാംശങ്ങൾ (തുക, ചലാൻ നമ്പർ, പണമടച്ച തീയതി, ട്രഷറിയുടെ പേര്) (സർക്കാർ സ്കൂളുകൾക്ക് ബാധകമല്ല) :

**<u>സത്യവാങ്മൂലം</u>**

മുകളിൽ ചേർത്ത വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം വാസ്തവമാണെന്ന് ഇതിനാൽ സത്യം ചെയ്യുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്നതിന് ബാധ്യസ്ഥനാണെന്നും ഇതിനാൽ ഉറപ്പുനൽകുന്നു.

സ്ഥലം : സ്ഥാപനത്തിന്റെ മുദ്ര അപേക്ഷകൻ/അപേക്ഷകയുടെ ഒപ്പ്.

തീയതി :

---

ഈ അപേക്ഷ മേൽ വിജ്ഞാപനത്തിലെ നിബന്ധനകൾക്ക് വിധേയമായി സമർപ്പിച്ചിട്ടുള്ളതാണെന്നു സാക്ഷ്യപ്പെടുത്തുന്നു/സമർപ്പിച്ചിട്ടുള്ളതല്ലാത്തതിനാൽ നിരസിക്കുന്നു.**

** (ബാധകമല്ലാത്തത് വെട്ടിക്കളയുക)

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം :
തീയതി :

ഓഫീസ് മുദ്ര

26/05/2014 തീയതിയിലെ എസിഡി.സി.3/21437/എച്ച്.എസ്.ഇ/2014 നം. വിജ്ഞാപനപ്രകാരം നിലവിലുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിനായി.

പ്രിൻസിപ്പൾ/മാനേജർ,...........................................................................................ഹയർസെക്കന്ററി സ്കൂൾ, ..................................................(സ്കൂൾ കോഡ്)................................................................................................ (സ്ഥലം) ..........................................................................(ജില്ല) സമർപ്പിച്ചിരിക്കുന്ന അപേക്ഷ സ്വീകരിച്ചിരിക്കുന്നു.

അപേക്ഷ നം.......................................

തീയതി .......................................

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ
(അക്കാദമിക്)

---

ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം

## <u>രസീത്</u>

26/05/2014 തീയതിയിലെ എസിഡി.സി.3/21437/എച്ച്.എസ്.ഇ/2014 നം. വിജ്ഞാപനപ്രകാരം നിലവിലുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിനായി.

പ്രിൻസിപ്പൾ/മാനേജർ,...........................................................................................ഹയർസെക്കന്ററി സ്കൂൾ, ..................................................(സ്കൂൾ കോഡ്)................................................................................................ (സ്ഥലം) ..........................................................................(ജില്ല) സമർപ്പിച്ചിരിക്കുന്ന അപേക്ഷ സ്വീകരിച്ചിരിക്കുന്നു.

അപേക്ഷ നം.......................................

തീയതി .......................................

(സീൽ)

(ഒപ്പ്)
ജോയിന്റ് ഡയറക്ടർ
(അക്കാദമിക്)

(അപേക്ഷ നമ്പർ, തീയതി ഒഴികെയുള്ള ഭാഗങ്ങൾപൂരിപ്പിച്ച് അപേക്ഷയോടൊപ്പം പ്രത്യേക ഷീറ്റായി സമർപ്പിക്കേണ്ടതാണ്)